"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇന്റർനാഷണൽ ട്രെയിനിംഗ് ബ്ലോക്ക് കില (COF&WM) തളിപ്പറമ്പ് Phase-1 കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി കൂടി നൽകി-ഭരണാനുമതി പുതുക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി) വകുപ്പ്**

സ.ഉ.(സാധാ) നം.2753/2025/LSGD തീയതി,തിരുവനന്തപുരം, 09-11-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം.2249/2021/തസ്വഭവ. തീയതി 10.11.2021.
2. കില ഡയറക്ടർ ജനറലിന്റെ 05.02.2025 തീയതിയിലെ സി/362/2024 നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.04.2025 തീയതിയിലെ LSGD/PD/39774/2024-DB5 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കിലയുടെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ അനുമതി നൽകിയ 6 കോടി രൂപയിൽ (development extended campus- 6 lakhs) കില തളിപ്പറമ്പ് കേന്ദ്രത്തിൽ 4,24,23,000/- രൂപ വകയിരുത്തിയ ഇന്റർനാഷണൽ ട്രെയിനിംഗ് ബ്ലോക്ക് കില (COF&WM) തളിപ്പറമ്പ് Phase 1 കെട്ടിട നിർമ്മാണം കൂടി ഉൾപ്പെട്ടിരുന്നുവെന്നും, പ്രസ്തുത കെട്ടിടം നിർമ്മാണം നടത്താൻ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും, നിലവിൽ 68,57,000/-രൂപ ടെണ്ടർ സേവിംഗ്സ് ഉള്ളതിനാൽ അധിക തുക വകയിരുത്താതെ തന്നെ കൂടുതലായി വരുന്ന വ്യതിയാനങ്ങൾ ഉൾപ്പെടെയുള്ള Phase 1 പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കാൻ സാധിക്കുമെന്നും, ആയതിനാൽ ടെണ്ടർ സേവിംഗ്സ് വരുന്ന തുക കൂടി ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കി നൽകണമെന്ന് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തളിപ്പറമ്പ്

ഡിവിഷൻ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും അനിവാര്യമായി അധികമായി ചെയ്ത പ്രവൃത്തികളുടെ തുക നിലവിൽ ടെണ്ടർ സേവിംഗ്സുള്ള **68,57,000/-** രൂപ വകയിരുത്തിയ അടങ്കൽ തുകയിൽ മാറ്റമില്ലാതെ ചെയ്യാനുള്ള അനുമതി കൂടി ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കി ലഭ്യമാക്കണമെന്നും പരാമർശം **(2)** പ്രകാരം കില ഡയറക്ടർ ജനറൽ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

**2)** ഫേസ് **I** കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടുന്നത് അനിവാര്യമായി കാണുന്നുവെന്നും നിലവിൽ **68,57,000/-** രൂപ ടെണ്ടർ സേവിംഗ്സ് ഉള്ളതിനാൽ അധിക തുക വകയിരുത്താതെ തന്നെ കൂടുതലായി വരുന്ന വ്യതിയാനങ്ങൾ ഉൾപ്പടെയുള്ള **Phase-I** പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കാൻ സാധിക്കുമെന്നും ആയതിനാൽ ടെണ്ടർ സേവിംഗ്സ് വരുന്ന തുക കൂടി ഉൾപ്പെടുത്തി, എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായുള്ള അനുമതി കൂടി നൽകി ഭരണാനുമതി പുതുക്കി നൽകാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം **(3)**പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈദ്യുതീകരണ ജോലികളും ഫേസ് **II** ജോലികളും എത്രയും പെട്ടെന്ന് ക്രമീകരിച്ച് കെട്ടിടം വേഗത്തിൽ കമ്മീഷൻ ചെയ്യണമെന്ന വ്യവസ്ഥയിൽ, ഇന്റർനാഷണൽ ട്രെയിനിംഗ് ബ്ലോക്ക് കില**(COF&WM)** തളിപ്പറമ്പ് ഫേസ് **I** കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ തുക യഥാർത്ഥ ഭരണാനുമതി തുകയായ **424.23** ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി, റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ ജനറൽ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ),
കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
Date: 10-11-2025 10:35:04
സെക്ഷൻ ഓഫീസർ